പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4370 — 27.06.2013-ലെ മറുപടിക്ക്

## ഒറ്റപ്പാലത്ത് മിച്ചഭൂമിക്കുന്നിൽ താമസിക്കുന്നവരിൽ നിന്നും കരം സ്വീകരിക്കുന്നില്ല എന്ന പരാതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.അടൂർപ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ 'ഒന്ന്' വില്ലേജിലെ കലിക്കിലിയാട് മിച്ചഭൂമിക്കുന്നിൽ താമസിക്കുന്നവരിൽ നിന്നും അവരുടെ ഭൂമിക്ക് കരം സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ഭൂമി എന്നാണ് മിച്ചഭൂമിയായി വിതരണം ചെയ്തത്; | (ബി) | 1977 ൽ |
| (സി) | മിച്ചഭൂമിയായി ലഭിച്ച സമയം മുതൽ 2012 ജനുവരി വരെ നികുതി സ്വീകരിച്ചിരുന്നുവോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് നികുതി സ്വീകരിച്ചത് എന്നറിയിക്കുമോ; | (സി) | മുമ്പ് സ്വീകരിച്ചിരുന്നു. പിന്നീട് ആധാരങ്ങൾ പതിച്ചുകൊടുത്തതിനുശേഷം 12 വർഷ കാലാവധിക്കു മുമ്പ് കൈമാറ്റം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം കേസ്സുകളിൽ നികുതി സ്വീകരിക്കുന്നില്ല. |
| (ഡി) | 2012 ജനുവരി മുതലാണ് ഭൂനികുതി സ്വീകരിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവരിൽ നിന്ന് നികുതി വാങ്ങുന്നതിനും, കൈവശരേഖ നൽകുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | 1970 ലെ കേരള ഭൂപരിഷ്കരണ നിയമം (പരിധി ചട്ടം 29(1)) പ്രകാരം പതിച്ചുകൊടുത്ത മിച്ചഭൂമി 12 വർഷത്തിനകം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിബന്ധനയുള്ളതിനാൽ നികുതി സ്വീകരിക്കുന്നതിന് കഴിയുകയില്ല. എന്നാൽ അർഹതയുള്ള കേസുകളിൽ മിച്ചഭൂമിയുടെ അനധികൃത കൈമാറ്റം സാധൂകരിച്ചു നൽകുന്നതിന് GO(P)No.136/13/RD dtd:10.04.2013 അനുസരിച്ച് സർക്കാരിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ